പ്രതികരണം

റഹ്മാൻ മധുരക്കുഴി

# അസത്യം തകർന്നടിയുന്നു; പ്രവചനം പുലരുന്നു

**"അസത്യത്തിന്റെ** ആചാര്യന്മാരുടെ എല്ലാ തത്ത്വശാസ്ത്രങ്ങളും രാഷ്ട്രീയ സാമ്പത്തിക സിദ്ധാന്തങ്ങളും കള്ളനാണയങ്ങളായി തള്ളപ്പെടും. അവരുടെ ക്യാമ്പിൽ കാണപ്പെടുന്ന ശക്തിസന്നാഹങ്ങളെല്ലാം അടർന്നടർന്ന് ഇസ്‌ലാമിന്റെ ക്യാമ്പിലേക്ക് പ്രവഹിക്കും. അങ്ങനെ ഒരു കാലം വരും. അന്ന് കമ്യൂണിസം മോസ്കോവിൽതന്നെ രക്ഷാമാർഗം കാണാതെ പരിഭ്രമിക്കും. മുതലാളിത്ത ഡമോക്രസി വാഷിംഗ്ടണിലും ന്യൂയോർക്കിലും പോലും അഭയസ്ഥാനം ഇല്ലാതെ കുഴങ്ങും. ഭൗതികവാദം ലണ്ടനിലെയും പാരീസിലെയും യൂനിവേഴ്സിറ്റികളിൽ ഇടം ലഭിക്കാതെ ഉഴലും. വർഗീയത്വത്തിലും വംശപാരമ്പര്യ മഹത്വത്തിലും വിശ്വസിക്കുന്നവരെ ബ്രാഹ്മണരിലും ജർമൻകാരിലും കൂടി കണ്ടെത്തുന്നതല്ല."

ഇസ്‌ലാമിക നവോത്ഥാന നായകൻ മർഹൂം മൗലാനാ മൗദൂദി 1946 ഡിസംബർ 30ന് ലാഹോറിൽ ഒരു പൊതുസമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽനിന്നുള്ളതാണീ വരികൾ (*സത്യസാക്ഷ്യം* പേജ് 23). മൗദൂദി ആറ് ദശകങ്ങൾക്ക് മുമ്പ് പ്രവചിച്ച വസ്തുതകൾ സംഭവലോകത്ത് പുലർന്നുകൊണ്ടിരിക്കുന്ന വിസ്മയകരമായ കാഴ്ചയാണ് ലോകം കണ്ടുകൊണ്ടിരിക്കുന്നത്. ലോകജനതക്ക് ആശയും പ്രതീക്ഷയും നൽകി ഒരുകാലത്ത് ജ്വലിച്ചുനിന്നിരുന്ന മാർക്സിസ്റ്റ്-ലെനിനിസ്റ്റ്-സോഷ്യലിസ്റ്റ് സാമ്പത്തിക തത്ത്വശാസ്ത്രം മോസ്കോവിലെന്നല്ല ലോക രാഷ്ട്രങ്ങളിലെവിടെയൊക്കെ തലയുയർത്തിയോ അവിടങ്ങളിലെല്ലാം പത്തി മടക്കി മാളങ്ങളിലേക്ക് പിൻവലിഞ്ഞിരിക്കുന്നു. അവിടങ്ങളിലെല്ലാം ഇപ്പോൾ കാണുന്നത് തത്ത്വശാസ്ത്രങ്ങളുടെ സ്വാധീനമല്ല; തത്ത്വശാസ്ത്രങ്ങളുടെ അടിസ്ഥാനവും ദർശനവും തകർത്തെറിയപ്പെട്ട് പുതിയ വഴികളിലൂടെ സഞ്ചരിക്കുന്ന കേവല രാഷ്ട്രീയ സംഘങ്ങളെയാണ്. കൊച്ചു കേരളത്തിൽ അധികാരം വാഴുന്ന മാർക്സിസ്റ്റ് മുന്നണി കാഴ്ചവെക്കുന്നതും മറ്റൊന്നല്ല.

മൗലാനാ മൗദൂദി പരാമർശിച്ച മുതലാളിത്ത ഡമോക്രസി അതിന്റെ പോയകാലഘട്ടത്തിലെ സകല ശക്തിസ്രോതസ്സുകളും തകർന്നടിഞ്ഞ് ഊർധ്വശ്വാസം വലിക്കുകയാണ്. ലോകം മുഴുവൻ കാൽകീഴിൽ കൊണ്ടുവരാമെന്ന വ്യാമോഹത്താൽ അധിനിവേശത്തിന്റെ കുതിരപ്പുറത്ത് കയറി ഗതിവേഗത്തിൽ പ്രയാണം ചെയ്ത പാശ്ചാത്യ മുതലാളിത്ത ലോകം ക്രൂരവും ജുഗുപ്സാവഹവുമായ അടവുകൾ പിഴച്ച്, അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ ദൃഢനിശ്ചയത്തിന്റെയും തളരാത്ത പോരാട്ട വീര്യത്തിന്റെയും മുന്നിൽ പത്തി താഴ്ത്തിക്കൊണ്ടിരിക്കുകയാണ്. സംസ്കാരങ്ങളുടെ സംഘട്ടനങ്ങളെക്കുറിച്ച് വാചാലമായിരുന്ന മുതലാളിത്ത ലോകം, സമാധാനപരമായ സഹവർത്തിത്വത്തെക്കുറിച്ച് സംസാരിക്കാൻ നിർബന്ധിതമായതിന്റെ വ്യക്തമായ തെളിവാണ് അമേരിക്കൻ പ്രസിഡന്റ് ഒബാമയുടെ കയ്റോ പ്രസംഗം. മുച്ചൂടും ചൂഷണാധിഷ്ഠിത പലിശ വ്യവസ്ഥിതിയിൽ മുങ്ങിയ മുതലാളിത്ത സമ്പദ്‌വ്യവസ്ഥ ആഗോള മാന്ദ്യത്തിന്റെ നിസ്സഹായതയിലേക്കാണ് കൂലംകുത്തി ഒഴുകുന്നത്. മാന്ദ്യം മറികടക്കാനുള്ള ഊർജിത ശ്രമത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട നഗരങ്ങളിലെ തെരുവു വിളക്കുകൾ പോലും കെടുത്തുന്നിടത്തോളം മുതലാളിത്തം എത്തിനിൽക്കുന്നു (*മാധ്യമം* 1.09.2009).

അപ്രതിരോധ്യമായ സാമ്പത്തിക മാന്ദ്യം സമ്മാനിച്ച പലിശ നിർഭര വ്യവസ്ഥിതിയിൽനിന്ന്, ഇസ്‌ലാമിന്റെ പലിശരഹിത ബാങ്കിംഗ് വ്യവസ്ഥയിലേക്കുള്ള പ്രതീക്ഷാ നിർഭരമായ തിരിച്ചുപോക്ക്, 'അവരുടെ ക്യാമ്പിൽ കാണപ്പെടുന്ന ശക്തി സന്നാഹങ്ങളെല്ലാം അടർന്നടർന്ന് ഇസ്‌ലാമിന്റെ ക്യാമ്പിലേക്ക് പ്രവഹിക്കും' (*സത്യസാക്ഷ്യം* പേജ് 23) എന്ന മൗദൂദിയുടെ ദീർഘദർശനത്തിനാണ് അടിവരയിടുന്നത്.

മൗദൂദിയുടെ മറ്റൊരു പ്രവചനം കൂടി പുലരാൻ പോവുന്നതിന്റെ നാന്ദി കുറിക്കപ്പെട്ടിരിക്കുന്നു. വർഗീയത്വത്തിലും വംശപാരമ്പര്യ മഹത്വത്തിലും ഊറ്റം കൊണ്ട് ഭൂമിയിൽ നാശം വിതച്ച് മുന്നേറിയിരുന്ന തീവ്ര ഹൈന്ദവ വർഗീയശക്തികൾ ആഭ്യന്തര ശൈഥില്യത്തിലും ജീർണതകളിലും പെട്ട് ഛിന്നഭിന്നമാവുന്ന കാഴ്ചയാണ് അതിന്റെ ഈറ്റില്ലത്തിൽതന്നെ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. മൂന്ന് പതിറ്റാണ്ട് കാലത്തോളം ഈ ഫാഷിസ്റ്റ് വർഗീയ പ്രസ്ഥാനത്തിന്റെ നേതൃപദവിയിൽ വാണരുളിയ ജസ്വന്ത് സിംഗ് തന്നെ 'വിവേചനശേഷി നശിച്ച്, ആത്മവിശ്വാസം നഷ്ടപ്പെട്ട് ആ പ്രസ്ഥാനം തകർന്നടിയുകയാണെ'ന്ന് (ആഗസ്റ്റ് 31-ലെ പത്ര വാർത്ത) വെട്ടിത്തുറന്നു പറഞ്ഞതിന്റെ അർഥം മറ്റെന്താണ്?

ഈ വർഗീയ കൂട്ടായ്മയുടെ അനിവാര്യമായ പതനത്തെക്കുറിച്ച് പ്രസിദ്ധ കോളമിസ്റ്റ് എം.ജെ അക്ബർ എഴുതിയതിങ്ങനെ: "ഒന്നിനു പിറകെ മറ്റൊന്ന് എന്ന രീതിയിൽ ബി.ജെ.പിയിൽ പൊട്ടിത്തെറികളുടെ പരമ്പര അരങ്ങ് തകർക്കുകയാണ്. പാർട്ടിയിൽ അന്തഃഛിദ്രങ്ങൾ ഘോരമാരി വർഷിക്കാൻ തുടങ്ങിയിരിക്കുന്നു" (*മാധ്യമം* 31.08.2009).

'അസ്യം തകരാനുള്ളതാണ്; അത് തകരുക തന്നെ ചെയ്യും' എന്ന ഖുർആനിക പ്രഖ്യാപനം ഇവിടെ അക്ഷരാർഥത്തിൽ അന്വർഥമാവുകയാണ്.